(ബി) പെരുമ്പള്ളിയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 49.50 കി.മീ. മുതൽ 50 കി.മീ. വരെ കടൽഭിത്തി കെട്ടുന്നതിന് 91 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന എസ്റ്റിമേറ്റ് തറയിൽ കടവിൽ ചെയിനേജ് 50 മുതൽ 51.500 കി.മീ. വരെ കടൽ ഭിത്തി നവീകരണത്തിന് 275 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന എസ്റ്റിമേറ്റ് എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു.

(സി) തൃക്കുന്നപ്പുഴ, പല്ലന എന്നീ സ്ഥലങ്ങളിൽ ഒരു കി.മീ. നീളത്തിൽ പുനരുദ്ധാരണ പണികളും, നല്ലാനിക്കൽ രാമഞ്ചേരി, മംഗലം എന്നീ സ്ഥലങ്ങളിൽ 4 കി.മീ. നീളത്തിൽ പുനരുദ്ധാരണ പണികളും ഉൾപ്പെടെ 59 കി.മീ. നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും 52 മീ. നീളത്തിൽ പുതിയ കടൽഭിത്തി കെട്ടുവാനുംവേണ്ടി 216.96 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പ്രോജക്ട് റിപ്പോർട്ട് നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

കാരാപ്പുഴ ജലവിഭവ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം

13 (3953) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാപ്പുഴ പദ്ധതിക്ക് സിമന്റും കമ്പിയും വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം അന്വേഷണം നടത്തിയിരുന്നുവോ ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ടിൽ സിമന്റ് വാങ്ങിയതിലെ ക്രമക്കേടുകൾ ശരിയാണെന്നു കണ്ടെത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്നും അവർ കാണിച്ച ക്രമക്കേടുകൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(സി&ഡി) സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിലും മലബാർ സിമന്റ് ലിമിറ്റഡിലും ആവശ്യത്തിന് സിമന്റ് ലഭ്യമായിരിക്കെ സിമന്റ് ലോക്കൽ പർച്ചേഴ്സ് നടത്തുന്നതിന് കോൺട്രാക്ടർമാർക്ക് അനുവാദം കൊടുത്തു എന്ന സംശയത്തിൻമേൽ സ്വതന്ത്ര്യവും നീതിയുക്തവുമായ അന്വേഷണം സാദ്ധ്യമാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. എം. ഒ. ജോയി, ശ്രീ. തോമസ്, കെ. മാത്യു, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. ടി. ബി. ചിന്നൻ, ശ്രീ. കെ. സി. ജോസഫ് എന്നിവരെ 28-7-2000-ലെ സ.ഉ. (സാധാ) 186/2000/പിജി നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly